**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4768** **01-11-2021 - ൽ മറുപടിയ്ക്ക്**

**എടക്കര ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണത്തിന് നാല് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെയും പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | എടക്കര ബൈപ്പാസിനു വേണ്ടിയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് എടക്കര ഗ്രാമപഞ്ചായത്ത് ഇതുവരെ വിട്ടു നൽകിയിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സാധിച്ചിട്ടില്ല. നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% തടസ്സരഹിത ഭൂമി ലഭ്യമായാൽ മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാട് ചെയ്യാൻ കഴിയുകയുള്ളു. |
| (ബി) | പ്രസ്തുത ബൈപ്പാസ് നിർമ്മിക്കേണ്ടത് എത്ര കിലോമീറ്റർ നീളത്തിലാണെന്നും വീതി എത്രയെന്നും എത്ര സ്ഥലം പൊതുമരാമത്ത് വകുപ്പിന് ഇതുവരെ വിട്ടുകിട്ടിയിട്ടുണ്ടെന്നും സ്വകാര്യ വ്യക്തികളുടെയോ തദ്ദേശസ്ഥാപനങ്ങളുടെയോ സ്ഥലം ഇനിയും കിട്ടാനുണ്ടോയെന്നും അറിയിക്കാമോ; | (ബി) | 1.66 കി.മീ നീളത്തിലും 8 മീറ്റർ വീതിയിലും നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചത്. ബൈപ്പാസിനു വേണ്ടിയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് ഇതുവരെ ഏറ്റെടുത്ത് നൽകിയിട്ടില്ല. |
| (സി) | എടക്കര പഞ്ചായത്തിന്റെ അധീനതയിലുള്ള ചില റോഡുകളുടെ ഭാഗങ്ങൾ പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; പ്രസ്തുത ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറണമെന്ന് അഭ്യർത്ഥിച്ച് എത്ര കത്തുകളാണ് പൊതുമരാമത്ത് വകുപ്പ് എടക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | എടക്കര ബൈപാസിനു വേണ്ടി എടക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ഇതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ബൈപ്പാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് ഭൂമി വിട്ടു നൽകുന്നതിനായി നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ 3 കത്തുകൾ എടക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട് പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കത്തുകൾക്ക് എടക്കര ഗ്രാമപഞ്ചായത്ത് നൽകിയ മറുപടികളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ നൽകിയ 3 കത്തുകൾക്ക് മറുപടിയായി എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 23.09.2021-ൽ നൽകിയ മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിർദ്ദിഷ്ട എടക്കര ബൈപ്പാസിന്റെ അലൈൻമെന്റും പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥലങ്ങളുടെ സർവ്വേ നമ്പറും വിസ്തീർണ്ണവുമടക്കമുള്ള വിശദാംശങ്ങളും സ്ഥലം വിട്ടുനൽകിയ വ്യക്തികളുടെ പേരു വിവരങ്ങളും ലഭ്യമാക്കാമോ; മേൽ അലൈൻമെന്റിൽ സ്വകാര്യവ്യക്തികളുടെ വാസഗൃഹങ്ങളും കിണറുകളും ശൗചാലയങ്ങളും ഉൾപ്പെടുന്നുണ്ടോയെന്നും അറിയിക്കാമോ; | (ഇ) | എടക്കര ബൈപാസ് പൊതുമരാമത്ത് വകുപ്പിൽ കൈമാറാത്തതിനാൽ ആയതിന്റെ അലൈൻമെന്റ് സ്കെച്ച് ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം വിട്ടുനൽകുന്ന മുറയ്ക്ക് ബൈപ്പാസിന്റെ അലൈൻമെന്റ് സ്കെച്ച്, പേവ്മേന്റ് ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നപടികൾ സ്വീകരിക്കുന്നതാണ്. എടക്കര ബൈപ്പാസിനായി യാതൊരു ഭൂമിയും പൊതുമരാമത്ത് വകുപ്പിന് വിട്ടു കിട്ടിയിട്ടില്ല. പരിശോധനയിൽ സ്വകാര്യ വ്യക്തികളുടെ മതിലുകൾ ഉൾപ്പെടുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. |
| (എഫ്) | പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതി നല്കാത്തതിന്റെ കാരണം എടക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ബൈപ്പാസ് നിർമ്മാണത്തിന് വിട്ടു നൽകാത്തത് മാത്രമാണോ എന്നറിയിക്കാമോ; ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയില്ലെങ്കിൽ എടക്കര ബൈപ്പാസ് നിർമ്മാണം ഉപേക്ഷിക്കേണ്ടിവരുമോയെന്ന് അറിയിക്കാമോ? | (എഫ്) | എടക്കര ഗ്രാമപഞ്ചായത്ത് പ്രസ്തുത ബൈപാസിനു വേണ്ടിയുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ട് നൽകാത്തതിനാലാണ് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ കഴിയാത്തത്. സ്ഥലം ലഭ്യമല്ലെങ്കിൽ ബൈപാസ് നിർമ്മാണം നടത്തുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**ഭരണഭാഷ / മാതൃഭാഷ**

നമ്പർ: 321/2020

അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ , നിലമ്പൂർ.
Pin-679329 , email- aepwdrsnbr@gmail.com

പ്രേഷകൻ:

തീയ്യതി - 23/01/2021

അസി.എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ,
നിലമ്പൂർ.

സ്വീകർത്താവ്:

സെക്രട്ടറി,
എടക്കര ഗ്രാമപഞ്ചായത്ത്.

സാർ ;

വിഷയം : എടക്കര ബൈപ്പാസ് നിർമ്മാണം - പ്രവൃത്തി ചെയ്യുന്നതിന് റോഡ് ഹാൻഡ്ഓവർ നൽകുന്നത് സംബന്ധിച്ച്.

സൂചന : Budget speech 2021-22 – Budget App. II, Vol No. II. Page No. 41, Sl No. 671- Construction and improvement of Edakkara Bycpass in Nilambur LAC in Malappuram District.

O/C

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള സർക്കാരിന്റെ 2021-22 സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ സൂചനയിൽ കാണിച്ച പ്രാകാരം എടക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത്കൂടി കടന്ന് പോകുന്ന എടക്കര ബൈപ്പാസ് റോഡിന് 4.00 കോടി രൂപ അനുവധിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതിനാൽ മേൽ റോഡിന്റെ തുടർ പ്രവർത്തികൾ ചെയ്യുന്നതിനായി നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള 'എടക്കര - കാറ്റാടിക്കടവ് റോഡിൽ നിന്നും തുടങ്ങി മേനോൻപൊട്ടിയിൽ അവസാനിക്കുന്ന 700 മീറ്റർ ഭാഗം' പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ.

അസിസ്റ്റന്റ് എഞ്ചിനീയർ
കേരള പൊതുമരാമത്ത് വകുപ്പ്
നിരത്തുകൾ വിഭാഗം, നിലമ്പൂർ

**ഭരണഭാഷ / മാതൃഭാഷ**

നമ്പർ: 321/2020

അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ , നിലമ്പൂർ.
Pin-679329 , email- aepwdrsnbr@gmail.com

പ്രേഷകൻ:

അസി.എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ,
നിലമ്പൂർ.

തീയ്യതി - 01/03/2021

സ്വീകർത്താവ്:

സെക്രട്ടറി,
എടക്കര ഗ്രാമപഞ്ചായത്ത്.

സാർ ;

വിഷയം : എടക്കര ബൈപ്പാസ് നിർമ്മാണം - പ്രവൃത്തി ചെയ്യുന്നതിന് റോഡ് ഹാൻഡ്ഓവർ നൽകുന്നത് സംബന്ധിച്ച്.

സൂചന : 1) Budget speech 2021-22 – Budget App. II, Vol No. II, Page No. 41, Sl No. 671- Construction and improvement of Edakkara Byepass in Nilambur LAC in Malappuram District.
2). ഈ കാര്യാലയത്തിലെ 23/01/2021 തീയ്യതിയിലെ ഇതേ നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള സർക്കാരിന്റെ 2021-22 സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ സൂചന 1 പ്രാകാരം എടക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത്കൂടി കടന്ന് പോകുന്ന എടക്കര ബൈപ്പാസ് റോഡിന് 4.00 കോടി രൂപ അനുവധിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ റോഡിന്റെ തുടർ പ്രവർത്തികൾ ചെയ്യുന്നതിനായി നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ച് കൊണ്ട് സൂചന 2 പ്രകാരം കത്ത് നൽകിയിരുന്നു.

ആയതിനാൽ മേൽ ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ അധീനതയിൽ നിലവിലുള്ള റോഡിന്റെ നീളം, വീതി, ടാറിങ്ങ് വീതി, ടാറിങ്ങിന്റെ തരം (ബി.എം & ബി.സി / ചിപ്പിങ്ങ് കാർപെറ്റ്), കലുങ്കുകളുടെ എണ്ണം, കലുങ്കുകളുടെ ഡീറ്റൈൽസ്, ഡ്രൈനേജിന്റെ ഡീറ്റൈൽസ്, ഡ്രൈനേജിന്റെ നീളം, സംരക്ഷണ ഭിത്തികളുടെ ഡീറ്റൈൽസ്, മരങ്ങളുടെ ഡീറ്റൈൽസ്, മുതലായവ സഹിതം ഈ കാര്യലയത്തിലേക്ക് സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Despatched 1/3/21

വിശ്വസ്തതയോടെ.

അസിസ്റ്റന്റ് എഞ്ചിനീയർ
കേരള പൊതുമരാമത്ത് വകുപ്പ്
നിരത്തുകൾ വിഭാഗം, നിലമ്പൂർ

## ഭരണഭാഷ / മാതൃഭാഷ

അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ , നിലമ്പൂർ.
Pin-679329 , email- aepwdrsnbr@gmail.com

നമ്പർ: 321/2020

തീയ്യതി - 24/08/2021

(ഓർമ്മക്കുറിപ്പ്)

പ്രേഷകൻ:

അസി.എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ,
നിലമ്പൂർ.

സ്വീകർത്താവ്:

സെക്രട്ടറി,
എടക്കര ഗ്രാമപഞ്ചായത്ത്.

സാർ ;

വിഷയം : എടക്കര ബൈപ്പാസ് നിർമ്മാണം - പ്രവൃത്തി ചെയ്യുന്നതിന് റോഡ് ഹാൻഡ്ഓവർ നൽകുന്നത് സംബന്ധിച്ച്.

സൂചന : 1). ഭരണാനുമതി നമ്പർ: G.O.(Rt)No. 730/2021/PWD Dated, Thiruvananthapuram, 13/08/2021

2). ഈ കാര്യാലയത്തിലെ 23/01/2021, 01/03/2021 തീയ്യതികളിലെ ഇതേ നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള സർക്കാരിന്റെ 2021-22 സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ എടക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത്കൂടി കടന്ന് പോകുന്ന എടക്കര ബൈപ്പാസ് റോഡിന് 4.00 കോടി രൂപ അനുവധിക്കുകയും സുചന 1 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട് .

പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റിൽ വരുന്ന ടി.എൻ.കെ റോഡിലെ ഭാഗങ്ങൾ, നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള മേനോൻപൊട്ടി - കാറ്റാടി റോഡ് എന്നീ ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറണമെന്ന് കാണിച്ച് സൂചന 2 പ്രകാരം രണ്ട് തവണകളായി കത്തുകൾ നൽകിയതാണ്. എന്നാൽ ഇതുവരെ റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയോ, കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഈ കാര്യാലയത്തിലേക്ക് യാതൊരു അറിയിപ്പോ ഇതുവരെ നൽകിയിട്ടില്ല.

ആയതിനാൽ മേൽ ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിന്റെ നീളം, വീതി, ടാറിങ്ങ് വീതി, ടാറിങ്ങിന്റെ തരം (ബി.എം & ബി.സി/ ചിപ്പിങ്ങ് കാർപെറ്റ്), കലുങ്കുകളുടെ എണ്ണം, കലുങ്കുകളുടെ ഡീറ്റൈൽസ്, ഡ്രൈനേജിന്റെ ഡീറ്റൈൽസ് മുതലായവ സഹിതം ഈ കാര്യാലയത്തിലേക്ക് അടിയന്തിരമായി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Received
on 24/8/21

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് എഞ്ചിനീയർ
കേരള പൊതുമരാമത്ത് വകുപ്പ്
നിരത്തുകൾ വിഭാഗം, നിലമ്പൂർ

അധ്യഭവനം II

"ഭരണഭാഷ-മാതൃഭാഷ"

# എടക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ്

എടക്കര പി.ഒ, മലപ്പുറം ജില്ല, പിൻ-679331,

ഫോൺ-04931 275229, ഇ.മെയിൽ: mpmedakkaragp@gmail.com

നമ്പർ.ബി1-5155/2021 തീയതി. 23/09/2021

പ്രേഷകൻ

സെക്രട്ടറി
എടക്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

അസിസ്റ്റന്റ് എഞ്ചിനിയർ
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ
നിലമ്പൂർ

സർ,

വിഷയം: എടക്കര ബൈപാസ് നിർമ്മാണം - പ്രവൃത്തി ചെയ്യുന്നതിന് റോഡ് കൈമാറുന്നത് സംബന്ധിച്ച്.

സൂചന : (1) ആ ഓഫീസിലെ 24/08/2021 ലെ 321/2020 നമ്പർ കത്ത്.
(2) എടക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/09/2021 ലെ 3(1) നമ്പർ തീരുമാനം.

എടക്കര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എടക്കര ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ വിട്ട് നൽകുന്നത് സംബന്ധിച്ച് സൂചന(1) പ്രകാരം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എടക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

A/B1

വിശ്വസ്തതയോടെ,

23 Sep 2021

സെക്രട്ടറി
എടക്കര ഗ്രാമപഞ്ചായത്ത
എടക്കര പി.ഒ. 679331
ഫോൺ 04931 275229

എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി
എടക്കര

# എടക്കര ഗ്രാമ പഞ്ചായത്ത്

17.09.2021 **തീയതി നടന്ന സാധാരണയോഗത്തിലെ**

**3 / 1 നമ്പർ തീരുമാനം.**

**അജണ്ട :**

1 : എടക്കര ബൈപാസ് നിർമ്മാണം – പ്രവൃത്തി ചെയ്യുന്നതിന് റോഡ് കൈമാറുന്നത് സംബന്ധിച്ച്.

**ഫയൽ നമ്പര്:** B1-5155/2021

**തീരുമാന നമ്പര്:** 3 /1 **തീയതി :** 17.09.2021

**തീരുമാനം :-**

എടക്കര ഗ്രാമപഞ്ചായത്തില് സി.എൻ.ജി റോഡില് നിന്നും 9-ാം വാർഡിലൂടെ കടന്നു പോകുന്ന ബൈപാസ് റോഡ് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള ടി.എൻ.കെ റോഡ്, മേനോൻപൊട്ടി - കാറ്റാടി റോഡ് എന്നി റോഡുകളുടെ ഏതാനും ഭാഗം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നല്കിയ 24/08/2021 തീയതിയിലെ നം.321/2020 നമ്പര് കത്ത് യോഗം ചർച്ച ചെയ്തു. നിലവില് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനിയര് ആവശ്യപ്പെട്ട പ്രസ്തുത ബൈപാസ് റോഡിന്റെ അലൈൻമെന്റ് സ്വകാര്യ താല്പര്യാധിഷ്ഠിതമാണെന്നും ആയത് തങ്ങളുടെ നാമമാത്രമായ ചെറുതുണ്ട് ഭൂമിയും വാസഗൃഹങ്ങളും കിണറും ശൗചാലയവും നഷ്ടമാക്കുകയും ചെയ്യുന്നുവെന്നും കാണിച്ച് ഡോ. ജെ. ഗീതാകുമാരി അമ്മ, ടി.എൻ.കെ റോഡ്, കലാസാഗർ, ശ്രീ. ജോൺ. കെ.പി. കൊല്ലംപറമ്പില്, ടി.എൻ.കെ റോഡ്, കലാസാഗർ, ശ്രീ. ഷാജി. കോതോലില്, ടി.എൻ.കെ റോഡ്, കലാസാഗർ എന്നിവര് ഗ്രാമപഞ്ചായത്ത് മുമ്പാകെ സമർപ്പിച്ച സങ്കട ഹർജിയും പഞ്ചായത്ത് സജീവമായി ചർച്ച ചെയ്തു.

ബൈപാസ് റോഡ് നിർമ്മാണം എടക്കര പട്ടണത്തിലെ തിരക്ക് കുറയ്ക്കാന് ഏറെ സഹായകരമാണെന്നും ആയതിനാല് തന്നെ ആയതിന്റെ നിർമ്മാണം ഏറ്റവും ആവശ്യമാണെന്നും സ്വാഗതാർഹമാണെന്നും യോഗം വിലയിരുത്തി. എന്നാല് പ്രാദേശിക വികസനവും ജനക്ഷേമവും കൈകോർത്ത് മുന്നോട്ട് കൊണ്ട്പോകണമെന്നുള്ള കാഴ്ചപ്പാട് പഞ്ചായത്തിനുള്ളതിനാല് പ്രസ്തുത ബൈപാസ് റോഡിന്റെ നിർദ്ദിഷ്ട അലൈൻമെന്റില് അല്പം വ്യതിയാനം വരുത്തിയാല് ആർക്കും തന്നെ യാതൊരുവിധ കഷ്ടനഷ്ടങ്ങളും കൂടാതെ ബൈപാസ് റോഡ് നിർമ്മിക്കാവുന്നതാണെന്നും യോഗത്തില് അഭിപ്രായമുയർന്നു. പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച് പരിശോധനയിലും പ്രത്യക്ഷ പരിശോധനയിലും മേല് വസ്തുതകൾ പഞ്ചായത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും നിലവില് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട ബൈപാസ് റോഡ് അലൈൻമെന്റില് അല്പമാത്ര വ്യതിയാനം വരുത്തുകയാണെങ്കില് തദ്ദേശവാസികൾക്കാർക്കും തന്നെ

കഷ്ടനഷ്ടങ്ങൾക്കിടയാക്കുന്നില്ലെന്നും ഉപരിയായി ബൈപാസ് റോഡിന് ഏറെ അസൗകര്യപ്രദവും അപകടകരവുമാക്കുന്ന വലിയ അനാവശ്യ വളവുകൾ ഒഴിവാക്കി, ഏറ്റവും കുറവ് നീളത്തില് നിർമ്മിക്കാമെന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടു.

മേല് വസ്തുതകളുടെ അടിസ്ഥാനത്തില് നിലവില് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യപ്പെട്ട ബൈപാസ് റോഡ് അലൈൻമെന്റ് തദ്ദേശവാസികളിലാർക്കും തന്നെ വിഷമതകൾ സൃഷ്ടിക്കാത്ത വിധത്തില് റീഅലൈൻ ചെയ്യാമെന്നതിനാല് അപ്രകാരം നിർദ്ദിഷ്ട ബൈപാസ് റോഡ് റീഅലൈന് ചെയ്യുന്നതിന് അഭ്യർത്ഥിക്കാനും അപ്രകാരം പ്രസ്തുത ബൈപാസ് റോഡിന്റെ അലൈൻമെന്റ് പ്രദേശവാസികൾക്കാർക്കും വിഷമതകളില്ലാത്ത വിധം പുനർനിർണ്ണയിച്ച് നല്കുന്ന മുറയ്ക്ക് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനിയര് ആവശ്യപ്പെടുന്ന, ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കൈമാറുന്നതിനും യോഗം തീരുമാനിച്ചു.

(ഒപ്പ്)
പ്രസിഡൻറ്

//ശരിപകർപ്പ്//

23 SEP 2024

സെക്രട്ടറി
എടക്കര ഗ്രാമപഞ്ചായത്ത
എടക്കര പി.ഒ. 679331
ഫോൺ 04931 275229

എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി
എടക്കര